**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ.പ്രമോദ് എസ്.ആർ, അസിസ്റ്റന്റ് സർജൻ, വാമനപുരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. Advice No.RIA(3) 12257/13/GW, dtd. 26-12-2016

2 ഉത്തരവ് നം. ഇ.എ3-4500/2017/DHS, തീയതി. 02-03-2017

3. ഉത്തരവ് നം. EA3 (Spl.Cell) 4500/2017/DHS, തീയതി. 16-02-2020

4 . തിരുവനന്തപുരം ജില്ലാ കളക്ടറുടെ DCTVM /13687/2024-A10 നം. കത്ത് തീയതി. 12-05-2025

5. DHS/9476/2025-EC4 നം. കത്ത് തീയതി 08-08-2025

6. ഇ എ 5-21266/2025/DHS തീയതി 26-08-2025

7. ഡോ.പ്രമോദ് എസ്.ആർ സമർപ്പിച്ച വിശദീകരണം തീയതി

03.09-2025

8. DHS/21266/25 - EA5 നം കത്ത് തീയതി. 29-09-2025

**ഉത്തരവ് നം.DHS/21266/2025 - EA 5 തീയതി 25-11-2025**

1.കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ പരാമർശം (1) പ്രകാരം ഡോ. പ്രമോദ് എസ്.ആർ നെ ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം ( 2 ) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ 04-03-2017-ൽ ഇടുക്കി ജില്ലയിലെ വണ്ടൻമേട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 02-03-2019 വരെ ടിയാൻ വണ്ടൻമേട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു. പരാമർശം (3) പ്രകാരം ഡോ.പ്രമോദ് എസ്.ആർ ന്റെ

നിയമനം ക്രമീകരിച്ചിട്ടുണ്ട്. പിന്നീട് സ്ഥലം മാറ്റത്തെ തുടർന്ന് **08-03-2019** ൽ പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചു. **17-10-2023** വരെ ടി കേന്ദ്രത്തിൽ തുടരുകയും അവിടെ നിന്നും സ്ഥലംമാറ്റം ലഭിച്ചതിന്റെ ഭാഗമായി **18-10-2023** ൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി .

**2.** ഡോ. പ്രമോദ് എസ്.ആർ വാമനപുരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായി ജോലി നോക്കി വരവെ തന്റെ ഫേസ് ബുക്ക് അക്കൗണ്ട് വഴി **19-11-2024, 23-12-2024** എന്നീ തീയതികളിൽ കേരളാ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മോശം പരാമർശങ്ങളോടെ പോസ്റ്റുകൾ ഇട്ടു. **30-11-2024** ന് കെ.എസ്.ആർ.ടി.സി ജീവനക്കാരെയും, കോടതി, സർക്കാർ സംവിധാനങ്ങൾക്കെതിരെയും ടിയാൻ ഫേസ് ബുക്ക് പോസ്റ്റ് ഇട്ടു. ടിയാൻ ലഹരിയുടെ സ്വാധീനത്തിൽ കലഹങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നും സർക്കാർ സർവ്വീസിൽ ഇരിക്കവെ നിർബന്ധമായും പാലിക്കേണ്ട കർത്തവ്യങ്ങൾ പാലിക്കുന്നതിന് പകരം സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ വഴി തരം താണ പദ പ്രയോഗങ്ങളിലൂടെ വ്യക്തിഹത്യ നടത്തുന്നത് സർവ്വീസ് ചട്ട ലംഘനമാണ് എന്നും, ടിയാനെതിരെ നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്ത് ഫേസ്ബുക്ക് ലിങ്കുകൾ സഹിതം തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം **(4)** പ്രകാരം **12-05-2025** ൽ ആരോഗ്യവകുപ്പിന് റിപ്പോർട്ട് നൽകി.

**3.** സമാന കുറ്റത്തിന് **24-06-2023** ൽ ഫയൽ നം **EC5/ 8965/2023/ DHS** പ്രകാരവും ഡോ.പ്രമോദിന് ആരോഗ്യവകുപ്പ് ഡയറക്ടർ മേജർ ശിക്ഷക്ക് കുറ്റപത്രം നൽകിയിരുന്നു.

**4.** മേൽ കുറ്റ കൃത്യങ്ങൾക്ക് ശേഷവും ഡോ. പ്രമോദ് **04-04-2025** ലെ തന്റെ ഫേസ് ബുക്ക് പോസ്റ്റു വഴി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറായ ഡോക്ടർ ബിന്ദു മോഹനേയും, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.റീന.കെ.ജെ-യും അശ്ലീല പരാമർശങ്ങൾ ഉൾപ്പെടുത്തി വളരെ തരംതാണ രീതിയിൽ കമന്റ് ചെയ്തിരിക്കുന്നതായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ബന്ധപ്പെട്ട ഫേസ് ബുക്ക് പോസ്റ്റുകളുടെ സ്ക്രീൻ ഷോട്ട് സഹിതം റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർ ന്ന് **05-04-2025** ലെ **DHS/9476/2025-EC4** നമ്പർ ഉത്തരവ് പ്രകാരം ടിയാനെ ആരോഗ്യവകുപ്പ് ഡയറക്ടർ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. മേൽ കുറ്റകൃത്യത്തിന് ടിയാനെതിരെ **Cyber Crime No.15/2025** പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. ഈ ക്രൈം കേസിൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി **I I I** വഞ്ചിയൂർ ,തിരുവനന്തപുരം **07-07-2025-ൽ** ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.റീന.കെ.ജെ-യുടെ മൊഴി എടുത്തിട്ടുണ്ട്.

**5 .** മേൽ വസ്തുത അവലോകനം ചെയ്യുമ്പോൾ ഡോ.പ്രമോദിന്റെ വർക്ക് ആന്റ് കോണ്ടക്ട് അങ്ങേയറ്റം മോശമാണ് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള കുറ്റപത്രം നൽകി തുടരുന്ന നിലവിലെ അച്ചടക്ക നടപടികൾ **07/08/2025-** ലെ **DHS/9476/2025-EC4** നമ്പർ നടപടിക്രമവും **,28-08-2025** ലെ **EV1/8965/2023/ DHS** നമ്പർ നടപടി ക്രമവും ആരോഗ്യവകുപ്പ് ഡയറക്ടർ റദ്ദ് ചെയ്തു. ടിയാനെതിരെ **KS&SSR Part II**ചട്ടം **19(a) (ii)** പ്രകാരം നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു കൊണ്ട് ടിയാന്റെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് പരാമർശം **( 6 )** പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് ആരോഗ്യവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചു. ടി നോട്ടീസിന് ഡോ. പ്രമോദ് **03-09-2025-ൽ** വിശദീകരണം സമർപ്പിച്ചു. ആയതിൽ തനിക്കെതിരെ പൊതുജനങ്ങളിൽ നിന്നും യാതൊരു പരാതിയും ഇല്ലായെന്നും ചിലർ വന്ന് അനർഹമായ കാര്യങ്ങൾ ചെയ്യുവാൻ നിർദ്ദേശിച്ചത് താൻ കൂട്ടാക്കാതിരുന്നതിനാലാണ് പരാതിയെന്നും, തിരുവനന്തപുരം വാമനപുരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ച ശേഷം **2024** ഡിസംബറിൽ ശബരിമല ഡ്യൂട്ടി ആവശ്യപ്പെട്ടു വാങ്ങി എന്നും പ്രസ്തുത ഡ്യൂട്ടിയ്ക്കായി കെ.എസ്.ആർ.ടി.സി ബസിൽ യാത്ര ചെയ്യുമ്പോൾ ഡ്രൈവർ മുൻസീറ്റിൽ ഇരിക്കുന്ന യാത്രക്കാരോട് നിരന്തരം സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഇക്കാര്യം ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തത് എന്നും, സന്നിധാനത്തെ ഡ്യൂട്ടി ഡോക്ടർ ആണെന്ന് ബോധ്യപ്പെടുത്തിയിട്ടും സബ് ഇൻസ്പെക്ടർ തന്നെ തടഞ്ഞതിനും നേഴ്സിംഗ് അസിസ്റ്റന്റിനെ ദർശനം നടത്തുന്നതിന് അനുവദിച്ചതിനാലുമാണ് പോലീസുകാരെപ്പറ്റി ഫേസ് ബുക്ക് പോസ്റ്റ്

ഇട്ടത് എന്നും, രേഖകൾ പരിശോധിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ മുൻപാകെ ഇക്കാര്യം നേരിൽ ബോധിപ്പിക്കുന്നതിനും അവസരം നൽകണമെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്നു. ഈ വിഷയത്തിൽ 15-10-2025- ൽ ആരോഗ്യവകുപ്പ് ഡയറക്ടർ ടിയാനെ നേരിട്ട് കേൾക്കുകയുണ്ടായി. മേൽ വിശദീകരണത്തിന് ഉപരിയായി താൻ മാനസിക രോഗത്തിന് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ മൂന്ന് ആഴ്ച ചികിത്സയിൽ ആയിരുന്നുവെന്നും തന്റെ മേലുദ്യോഗസ്ഥർക്കെതിരെ പോസ്റ്റുകൾ ഇട്ടതിൽ താൻ നിരുപാധികം മാപ്പ് അപേക്ഷക്കുന്നുവെന്നും ടിയാൻ ബോധിപ്പിച്ചു.

6 . ഡോ. പ്രമോദ് 03-09-2025-ൽ സമർപ്പിച്ച വിശദീകരണവും 15-10-2025 ൽ പേഴ്സണൽ ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളും, തിരുവനന്തപുരം ജില്ലാ കളക്ടറുടെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെയും റിപ്പോർട്ട് സഹിതം വിശദമായി പരിശോധിച്ചു. തനിക്കെതിരായ രേഖകൾ പരിശോധിക്കുവാൻ അവസരം നൽകണം എന്നാണ് ഡോ. പ്രമോദിന്റെ ഒരാവശ്യം. ടിയാന്റെ ഫേസ് ബുക്ക് പോസ്റ്റുകൾ ടിയാന് തന്നെ പരിശോധിക്കുവാൻ കഴിയുമെന്നിരിക്കെ ആയതിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അവസരം നൽകണമെന്ന വാദം അനുവദിക്കുവാൻ കഴിയുന്നതല്ല. ആരോഗ്യവകുപ്പിന്റേതെന്നല്ല, സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയും വികലമായ പരാമർശങ്ങൾ നടത്തുന്ന ടിയാന്റെ നടപടി അങ്ങേയറ്റം അസ്വീകാര്യമാണ്. മേലുദ്യോഗസ്ഥരായ വനിതാ ജീവനക്കാർക്കെതിരെ പോസ്റ്റ് ചെയ്തിരിക്കുന്ന കമന്റുകൾ അങ്ങേയറ്റം രതി വൈകൃതം നിറഞ്ഞതും, അറപ്പ് തോന്നുന്നതും ഒരു പൊതു സമൂഹത്തിന് ഒരിക്കലും അംഗീകരിക്കുവാൻ കഴിയാത്തതുമാണ്. തന്റെ രോഗാവസ്ഥ കാരണമാണ് ഇത്തരം ദുർനടപടികൾ ചെയ്യുന്നത് എന്ന വാദം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. സർക്കാർ സർവ്വീസിൽ ഇത്തരം മാനസിക വൈകൃതം നിറഞ്ഞവരെ തുടരുവാൻ അനുവദിക്കുന്നത് അത്യന്തം അപകടകരവും വകുപ്പിന് അപമതിപ്പ് ഉണ്ടാക്കുന്നതും ആണ്. ഡോ. പ്രമോദിന്റെ വർക്ക് ആന്റ് കോണ്ടക്ട് അങ്ങേയറ്റം തൃപ്തികരമല്ലാത്തത് ആണെന്ന് വിവിധങ്ങളായ റിപ്പോർട്ടുകളിൽ നിന്നും ഫേസ് ബുക്ക് പോസ്റ്റുകളിൽ നിന്നും നിയമന അധികാരിയായ ഞാൻ വിലയിരുത്തുന്നു. ടിയാനെ പ്രബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്നും പിരിച്ചുവിടേണ്ടതാണെന്നു കാണുന്നു.

7 . മേൽ സാഹചര്യത്തിൽ ഡോ. പ്രമോദ് എസ്.ആർ -ന്റെ അസിസ്റ്റന്റ് സർജൻ തസ്തികയിലെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തികച്ചും തൃപ്തികരമല്ലാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II Rule 19(a) (ii) പ്രകാരം ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 25-11-2025 14:37:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ. പ്രമോദ് എസ് ആർ,S/o ശങ്കരപ്പിള്ള

കലാഭവൻ വീട്,പൊയ്കകട, കൊടുവഴന്നൂർ പി ഒ

നഗരൂർ,തിരുവനന്തപുരം 695612 (Regd Post with A/D)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം.

2. ജില്ലാമെഡിക്കൽആഫീസർ (ആരോഗ്യം), തിരുവനന്തപുരം

3. മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്,ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം ,വാമനപുരം,തിരുവനന്തപുരം

4.സൂപ്രണ്ട് ഇ സി/ഇ വി സെക്ഷൻ

5.ഫയൽ.